I ഇ.ബി. XV - കേരള നിയമസഭ/IV-2

# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2022 ഫെബ്രുവരി 21, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**ചരമോപചാരം**

പി. ടി. തോമസിന്റെ നിര്യാണം

മി. സ്പീക്കർ: 15-ാം കേരള നിയമസഭയിൽ തൃക്കാക്കര മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന പി. ടി. തോമസ് 2021 ഡിസംബർ 22-ന് അന്തരിച്ചു. ഇടുക്കി ഉപ്പുതോട് പുതിയപറമ്പിൽ പരേതരായ തോമസ്-അന്നമ്മ ദമ്പതികളുടെ മകനായി 1950 ഒക്ടോബർ 15-നാണ് അദ്ദേഹം ജനിച്ചത്.

ചെറുപ്പത്തിലെ തുടങ്ങിയ വായനാശീലം അദ്ദേഹത്തെ നല്ല പ്രാസംഗികനാക്കി മാറ്റി. തൊടുപുഴ ന്യൂമാൻ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, കോഴിക്കോട്, എറണാകുളം ലാ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നായി പഠനം പൂർത്തിയാക്കി. പഠനകാലത്ത് കെ.എസ്.യു.വിലൂടെ കോൺഗ്രസ് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്ന പി. ടി. തോമസ് തൊടുപുഴ മണ്ഡലത്തെ പ്രതിനിധീകരിച്ച് 9-ാം കേരള നിയമസഭയിലും 11-ാം കേരള നിയമസഭയിലും അംഗമായി. തുടർന്ന് 2009-ൽ ഇടുക്കിയിൽ നിന്നും ലോകസഭാംഗമായി. 14-ാം കേരള നിയമസഭയിലും 15-ാം കേരള നിയമസഭയിലും തൃക്കാക്കര മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, ഇടുക്കി ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. വർക്കിംഗ് പ്രസിഡന്റ്, എ.ഐ.സി.സി. അംഗം, വീക്ഷണം ചീഫ് എഡിറ്റർ തുടങ്ങിയ പദവികൾ വഹിച്ച അദ്ദേഹം നിയമനിർമ്മാണ സഭകളിലെ പ്രവർത്തനങ്ങളിൽ തികഞ്ഞ ഉത്തരവാദിത്വവും പ്രതിബദ്ധതയും പുലർത്തിയിരുന്നു. ജാഗ്രതയോടെ സഭാനടപടികൾ നിരീക്ഷിച്ചും നിയമനിർമ്മാണ വേദികളിൽ പ്രവർത്തിച്ച അദ്ദേഹം വ്യക്തി,

പൊതുപ്രവർത്തകൻ എന്നീ നിലകളിൽ തന്റെ ബോധ്യത്തിനനുസരിച്ച് അചഞ്ചലമായി നിലകൊണ്ടു. ഭരണസംവിധാനങ്ങൾക്കുള്ളിലെ തെറ്റുകളായി തനിക്ക് തോന്നുന്ന കാര്യങ്ങൾ അന്വേഷിക്കുകയും അവ പഠിച്ച് സഭയിൽ ഉന്നയിക്കുകയും ചെയ്തിരുന്നതിനാൽ മികച്ച സാമാജികൻ എന്ന നിലയിൽ പി. ടി. തോമസ് ശ്രദ്ധേയനായിരുന്നു. രോഗശയ്യയിൽ ആയിരിക്കുമ്പോഴും നിയമസഭാ സാമാജികൻ എന്ന നിലയിൽ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചാണ് അദ്ദേഹം ചിന്തിച്ചിരുന്നത്. പി. ടി. തോമസിന്റെ വേർപാട് കക്ഷിരാഷ്ട്രീയ ഭേദമെന്യേയുള്ള രാഷ്ട്രീയ ചിന്താധാരയ്ക്ക് വലിയ നഷ്ടമാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ചെയറിന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു. തീർത്തും അപ്രതീക്ഷിതമായി അകാലത്തിലാണ് പി. ടി. തോമസ് വിടപറഞ്ഞത്. നിയമസഭയെ സ്വന്തം വാദമുഖങ്ങൾ കൊണ്ട് സജീവവും ചടുലവുമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം സഭയുടെ പൊതുവിലുള്ള നഷ്ടമാണ്. നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്യാതെ വാദമുഖങ്ങൾ ഉയർത്തുന്നതിലെ കരുത്ത് പി. ടി. തോമസിനെ വ്യത്യസ്തനാക്കി. നാല് തവണ നിയമസഭാംഗമായും ഒരു തവണ പാർലമെന്റ് അംഗമായും പ്രവർത്തിച്ച

അദ്ദേഹം നിയമസഭയിലും പാർലമെന്റിലും ജനങ്ങളുടെയും നാടിന്റെയും പ്രശ്നങ്ങൾ കരുത്തോടെ ഉന്നയിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പശ്ചിമഘട്ടം അടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളിൽ തന്റെ പാർട്ടിക്കും മുന്നണിക്കും സ്വീകാര്യമല്ലാത്ത നിലപാടുകളായിരുന്നു അദ്ദേഹത്തിന്റേത്. അത്തരം നിലപാടുകൾ അദ്ദേഹത്തെ സ്വന്തം പാർട്ടിയിൽപോലും വേറിട്ട വ്യക്തിത്വത്തിന് ഉടമയാക്കി. സാംസ്കാരിക പ്രവർത്തനങ്ങളെ രാഷ്ട്രീയ പ്രവർത്തനങ്ങളോടൊപ്പം മുന്നോട്ടുകൊണ്ടുപോകുന്ന സവിശേഷമായ ഒരു ശൈലി അദ്ദേഹത്തിനുണ്ടായിരുന്നു; ആ സാംസ്കാരിക ആഭിമുഖ്യം നിമിത്തമാകണം അന്ത്യയാത്ര വയലാറിന്റെ ഗാനത്തിന്റെ അന്തരീക്ഷത്തിലാവണമെന്ന അന്ത്യാഭിലാഷം അദ്ദേഹം പ്രകടിപ്പിച്ചത്. രാഷ്ട്രീയത്തിൽ മതം ഇടപെടുന്നത് അപകടമാണെന്ന് ചിന്തിച്ച അദ്ദേഹം സ്വന്തം മരണാനന്തര ചടങ്ങുകൾ മതനിരപേക്ഷമാകണമെന്ന് ശഠിച്ചിരുന്നു. സഭയിൽ വിഷയങ്ങൾ പഠിച്ച് അവതരിപ്പിക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് കേരളത്തിന്റെ പൊതുരാഷ്ട്രീയ രംഗത്തിന് വലിയ നഷ്ടമാണ് വരുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ രംഗത്ത് ഇടിമുഴക്കങ്ങൾ ഉണ്ടാക്കിയിട്ടാണ് പി. ടി. തോമസ് കടന്നുപോയത്. നിലപാടുകളിലെ കാർക്കശ്യമാണ് പി. ടി. തോമസിനെ വ്യത്യസ്തനാക്കിയിരുന്നത്. ഓരോ കാര്യങ്ങളും പഠിച്ച് മനസ്സിലാക്കി തനിക്ക് വരുന്ന ബോധ്യങ്ങളിലേയ്ക്ക് മറ്റുള്ളവരെ കൊണ്ടുവരാനും അതിൽ ഉറച്ചുനിൽക്കാനും അദ്ദേഹം കരുത്ത് കാട്ടിയിരുന്നു. ഏറ്റെടുക്കുന്ന നിയോഗങ്ങളോട് പ്രതിബദ്ധത പുലർത്തി അവയെ പൂർണ്ണമായ അർത്ഥത്തിൽ സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള കഠിനമായ പരിശ്രമമാണ് പി. ടി. തോമസ് നടത്തിയിരുന്നത്. രാഷ്ട്രീയ കാര്യങ്ങളിൽ മാത്രമല്ല പാരിസ്ഥിതിക പ്രശ്നങ്ങളിലും അദ്ദേഹത്തിന് ഉറച്ച നിലപാടുണ്ടായിരുന്നു. സാംസ്കാരിക രംഗത്തും നിറസാന്നിദ്ധ്യമായിരുന്ന അദ്ദേഹം വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും കാര്യങ്ങൾ ആർജ്ജവത്തോടെ നടപ്പാക്കുകയും ചെയ്തിരുന്ന ആളാണ്. കേരള സമൂഹത്തിൽ ജാതിമത ചിന്തകൾക്കതീതമായി മതേതരത്വത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിക്കാൻ അദ്ദേഹം എന്നും ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്ന് സ്കൂൾ പാർലമെന്റ് ചെയർമാനായി പ്രവർത്തിച്ച പി. ടി. തോമസ് പിൽക്കാലത്ത് ഇന്ത്യൻ പാർലമെന്റിൽ അംഗമായി. പ്രകൃതിയോടുള്ള പ്രതിബദ്ധത അദ്ദേഹം എക്കാലവും പ്രകടിപ്പിച്ചിരുന്നു. ഖനന മാഫിയ ഉൾപ്പെടെയുള്ളവർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചതിൽ എതിർപ്പ് നേരിടേണ്ടിവന്നു. പശ്ചിമഘട്ട മലനിരകളെ കാത്തുസൂക്ഷിക്കണമെന്ന പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നിർദ്ദേശങ്ങളെ ഉയർത്തിപ്പിടിച്ചതിന്റെ ഫലമായുണ്ടായ നഷ്ടങ്ങളെക്കുറിച്ച് അദ്ദേഹം ചിന്തിച്ചതേയില്ല. പാർലമെന്റിലും നിയമസഭയിലും എക്കാലവും നിർഭയനായി അഭിപ്രായങ്ങൾ പ്രകടിപ്പിച്ച പി. ടി. തോമസിന്റെ ഓർമ്മയ്ക്കുമുമ്പിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ഉത്തമബോദ്ധ്യമുള്ള കാര്യങ്ങളെക്കുറിച്ച് വിശദമായി പരിശോധിച്ച് നിയമസഭയിൽ അവതരിപ്പിക്കുന്ന പി. ടി. തോമസ് പ്രഗത്ഭനായ നേതൃപാടവമുള്ള പാർലമെന്റേറിയനായിരുന്നു. തന്റെ ആദർശത്തിന് വില കൊടുക്കേണ്ടിവരുമെന്ന് തോന്നിയാലും അതിൽ ഉറച്ചുനിന്നിരുന്നു. പാരിസ്ഥിതിക വിഷയങ്ങളിൽ തന്റേതായ നിലപാടുകളും മതേതര കാഴ്ചപ്പാടുകളിൽ വ്യത്യസ്ത സമീപനവും സ്വീകരിച്ചിരുന്നു. പി. ടി. തോമസിന്റെ വിയോഗത്തിലുള്ള ദുഃഖത്തിൽ

പങ്കുചേരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പി. ടി. തോമസിന്റെ ജീവിതദർശനങ്ങളും നിശ്ചയദാർഢ്യവും നിർഭയത്വവും ഏവരേയും ചിന്തിപ്പിക്കുന്നതാണ്. നിലപാടുകളെ മാറ്റിമറിച്ച് എന്തിനോടും സന്ധിചേരാൻ അദ്ദേഹം തയ്യാറായിരുന്നില്ല. രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളിലുള്ള എതിർപ്പിലും അദ്ദേഹം എല്ലാവരോടും സൗഹൃദം കാത്തുസൂക്ഷിച്ചു. പി. ടി. തോമസിന്റെ ദീപ്തമായ സ്മരണയ്ക്കുമുമ്പിൽ ശിരസ്സ് നമിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: വ്യത്യസ്തനും ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിരുന്ന അത്യുജ്ജ്വല പ്രതിഭയായിരുന്നു പി. ടി. തോമസ്. കാര്യങ്ങൾ നന്നായി പഠിച്ച് നിയമസഭയിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. എം.എൽ.എ. എന്ന നിലയിൽ ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, ഇടുക്കി ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ്, വീക്ഷണം ദിനപ്പത്രത്തിന്റെ ചീഫ് എഡിറ്റർ തുടങ്ങി അദ്ദേഹത്തെ ഏൽപ്പിച്ച ചുമതലകൾ ഭംഗിയായി നിറവേറ്റിയിരുന്നു. പാരിസ്ഥിതിക വിഷയങ്ങളിൽ അദ്ദേഹം കൈക്കൊണ്ട നിലപാടുകളിൽ എക്കാലവും ഉറച്ചുനിന്നു. പി. ടി. തോമസിന്റെ

പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലിയർപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്:</u> പി. ടി. തോമസിനെക്കുറിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. നിയമസഭയെയും സഭാ സമിതികളേയും ഏറെ ഗൗരവത്തോടുകൂടി സമീപിച്ച ഒരു പാർലമെന്റേറിയനായിരുന്നു. സഭാസമിതികളിൽ സജീവ പങ്കാളിത്തം പുലർത്തിയിരുന്ന അദ്ദേഹം തനിക്ക് ശരിയെന്ന് ബോദ്ധ്യപ്പെടുന്ന കാര്യങ്ങൾ നിലനിർത്താൻ ശ്രമിച്ചിരുന്നു. നിയമസഭയിലെ ഏത് സന്ദർഭത്തെയും പാർട്ടിക്കുവേണ്ടി ഉപയോഗിക്കാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. സജീവവും ശക്തവുമായ നിലപാടുകൾ സംഘടനാതലത്തിലെടുത്ത് സഭയ്ക്കകത്തും പുറത്തും അവതരിപ്പിക്കുമ്പോഴും എല്ലാവരോടും വ്യക്തിപരമായ ബന്ധങ്ങൾ പുലർത്തുവാൻ പി. ടി. ശ്രദ്ധിച്ചിരുന്നു. ആ ധന്യ ജീവിതത്തിന്റെ പാവനസ്മരണനയ്ക്കു മുന്നിൽ ഞാനും എന്റെ കക്ഷിയും പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> അങ്ങും സഭയും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. ജാഗ്രതയോടുകൂടി സഭാനടപടികളിൽ ഇടപെട്ടിരുന്ന അദ്ദേഹത്തിന്റെ വാക്കുകൾ മൂർച്ചയേറിയതാണെങ്കിലും മനസ്സിൽ നന്മ നിറഞ്ഞ സമീപനമാണ് അദ്ദേഹം

എപ്പോഴും പുലർത്തിയിരുന്നത്. നീതിയുടെയും നിലപാടുകളുടെയും ബോധ്യത്തിന്റെയും ഒരു ഉറച്ച ശബ്ദമാണ് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദു:ഖത്തോടൊപ്പം ഞാനും പങ്കുചേരുന്നു.

ശ്രീ. തോമസ് കെ. തോമസ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. കഴിവുറ്റ ഒരു സാമാജികനേയും ആദർശശാലിയായ രാഷ്ട്രീയ പ്രവർത്തകനേയും നല്ലൊരു ഭരണാധികാരിയെയുമാണ് നഷ്ടമായത്.
മനുഷ്യന്റെ ഹൃദയവേദന മനസ്സിലാക്കി പ്രവർത്തിക്കുവാൻ കഴിവുള്ള ഒരു വ്യക്തിയെന്ന നിലയിൽ പി. ടി. തോമസ് മറ്റുള്ളവരിൽനിന്നും വ്യത്യസ്തനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പി.ടി. തോമസിന്റെ വിയോഗത്തിൽ അഗാധമായ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു. തന്റെ വാദങ്ങൾ സഭയ്ക്കകത്തും പുറത്തും തീവ്രമായി അവതരിപ്പിക്കുന്നതിന് അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സഭയിൽ വിരസമായി മാറുന്ന ചർച്ചകളിൽ മൂർച്ചയുള്ള വാക്കുകളാൽ ജീവസ്സുറ്റതാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ

വികസന പ്രവർത്തനങ്ങളിൽ പാവപ്പെട്ടവർക്ക് പരിഗണന നൽകുവാൻ എപ്പോഴും ശ്രമിച്ചിരുന്നു. രാഷ്ട്രീയത്തിൽ മാത്രമല്ല സാംസ്കാരികവും പാരിസ്ഥിതികവുമായ വിഷയങ്ങളിലും സജീവമായി അദ്ദേഹം പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): കഴിഞ്ഞ സമ്മേളനത്തിൽ നമ്മളിൽ ഒരാളായി ഇവിടെയുണ്ടായിരുന്ന പി.ടി.തോമസ് ഇന്ന് നമ്മോടൊപ്പമില്ലെന്ന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ ഇപ്പോഴും കഴിയുന്നില്ല. നിർഭയമായി നീതിബോധമുയർത്തിപ്പിടിച്ച് പൊതുജന സേവനം നിർവ്വഹിച്ച പൊതു പ്രവർത്തകനും ഒഴുക്കിനെതിരെ നീന്തി വിജയിക്കാൻ ആഗ്രഹിച്ച നേതാവുമാണ് പി.ടി. തോമസ്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ രേഖപ്പെടുത്തിയ ഹൃദയവികാരത്തോട് ഞാനും പങ്കുചേരുന്നു. പി.ടി. തോമസ് സഭയിൽ നിറസാന്നിദ്ധ്യമായിരുന്നു. പാർലമെന്റേറിയനെന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകൾ ശ്രദ്ധാപൂർവ്വം വിലയിരുത്തപ്പെടേണ്ടതാണ്. അദ്ദേഹം പാർലമെന്റ്

അംഗമായിരുന്നപ്പോൾ ഒൻപത് സ്വകാര്യ ബില്ലുകൾ അവതരിപ്പിച്ചത് ശ്രദ്ധേയമായ നടപടിയായിരുന്നു. ജീവിതവഴിയിലൂടെ കടന്നുവന്ന അനുഭവങ്ങളിലൂടെ രൂപപ്പെടുത്തിയ അദ്ദേഹത്തിന്റെ നിലപാടുകളും കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളും തികച്ചും അനുകരണീയമാണ്. അദ്ദേഹത്തിന്റെ കുടുംബവും സുഹൃത്തുക്കളും നേരിടുന്ന ദുഃഖത്തോടൊപ്പം ആ സ്മരണയ്ക്ക് മുന്നിൽ ഞാനും പ്രണാമം അർപ്പിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സഭയുടെ പൊതുവികാരത്തോട് യോജിക്കുന്നു. സാധാരണക്കാരുടെ വിഷമതകൾ ഉയർത്തിപ്പിടിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും പി. ടി. തോമസ് മുൻഗണന നൽകിയിരുന്നു. മരണത്തിനുമുമ്പുള്ള നിയമസഭാ സമ്മേളനത്തിലും അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു. മികച്ച പരിസ്ഥിതി പ്രവർത്തകനെയും തന്റേതായ കാഴ്ചപ്പാടുകളിൽ ഉറച്ചുനിൽക്കുന്ന പൊതുപ്രവർത്തകനെയുമാണ് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് എന്റെയും എന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: പി. ടി. തോമസ് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്ത് വരികയും നിയമനിർമ്മാണസഭയിൽ

നാടിന്റെ നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റേതായ കാഴ്ചപാടുകളിൽ ഉറച്ചുനിന്നുകൊണ്ടും വിഷയങ്ങൾ പഠിച്ചുമാണ് സംസാരിച്ചിരുന്നത്. അദ്ദേഹത്തിന്റെ വിയോഗം രാഷ്ട്രീയ രംഗത്തിനും നാടിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും നാടിനുമുണ്ടായ ദുഃഖത്തോടൊപ്പം ഞാനും പങ്കുചേരുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: ജനാധിപത്യകേരളത്തിനും നിയമനിർമ്മാണസഭയ്ക്കും നിലപാടുകളുടെ രാഷ്ട്രീയത്തിനും വലിയ നഷ്ടമാണ് പി. ടി. തോമസിന്റെ നിര്യാണം. എന്റെ കുടുംബത്തിനുണ്ടായ തീരാവേദനയിൽ താങ്ങായി അദ്ദേഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം കേരള രാഷ്ട്രീയത്തിന് മാതൃകയാണ്. പരിസ്ഥിതി പ്രവർത്തകനും മികവുറ്റ പൊതുപ്രവർത്തകനുമായിരുന്ന അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ എന്റെയും എന്റെ പാർട്ടിയുടെയും ആദരാഞ്ജലി അർപ്പിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ വളർന്ന് കേരളരാഷ്ട്രീയത്തിന്റെ ഉന്നതതലങ്ങളിലെത്തിയ നേതാവിനെയാണ് നഷ്ടമായിരിക്കുന്നത്. പ്രാസംഗികൻ, എഴുത്തുകാരൻ, പരിസ്ഥിതി

പ്രവർത്തകൻ, മികച്ച സംഘാടകൻ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച പി. ടി. തോമസിന്റെ നിര്യാണത്തിൽ കുടുംബാംഗങ്ങളുടെ ദുഃഖത്തോടൊപ്പം ചേർന്നുകൊണ്ട് ഞാനും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. മാണി സി. കാപ്പൻ: സഭയുടെ പൊതുവികാരത്തോട് ഞാനും യോജിക്കുന്നു. രാഷ്ട്രീയത്തിൽ ലാഭനഷ്ടങ്ങൾ നോക്കാതെയും തന്റെ ശരികൾക്കൊപ്പം പോരാട്ടവീര്യമായി നിൽക്കുകയും ചെയ്ത നേതാവായിരുന്ന പി. ടി. തോമസ്. അദ്ദേഹത്തിന്റെ നിര്യാണം കേരള രാഷ്ട്രീയത്തിനും പൊതുസമൂഹത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

സഭ രാവിലെ 09.55 -ന് പിരിഞ്ഞു.

**********